റബ്കോ പ്രാഥമിക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി

142 (310) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്കോ പ്രാഥമിക സഹകരണ സംഘമായിട്ടാണോ അപ്പക്സ് സംഘമായിട്ടാണോ പ്രവർത്തിക്കുന്നത് ;

(ബി) പ്രാഥമിക സംഘമായിട്ടാണെങ്കിൽ ഇതിന്റെ പ്രവർത്തന പരിധി എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രാഥമിക സംഘത്തിന് സംസ്ഥാനാടിസ്ഥാനത്തിൽ പരിധി നിശ്ചയിക്കുവാൻ നിയമം അനുവദിക്കുന്നുണ്ടോ ;

(ഡി) റബ്കോയ്ക്ക് ഇപ്പോൾ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും ഏതെല്ലാം ആണെന്നും അത് ഏതെല്ലാം തലങ്ങളിലാണുള്ളതെന്നും വെളിപ്പെടുത്താമോ ;

(ഇ) കോട്ടയം ജില്ലയിലെ പാമ്പാടി പൂതക്കുഴിയിൽ പ്രവർത്തനം ആരംഭിക്കുന്ന യൂണിറ്റ് എന്തു യൂണിറ്റാണെന്നും അതിന്റെ പ്രൊജക്റ്റ് ചെലവ് എത്ര എന്നും അതിനുള്ള തുക എവിടെ നിന്നെല്ലാം ആണ് സംഭരിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(എഫ്) ഈ യൂണിറ്റിനുവേണ്ടി എത്ര ഏക്കർ സ്ഥലം വാങ്ങി എന്നും സെന്റിന് എന്തു വിലയ്ക്കാണ് വാങ്ങിയതെന്നും ആരുടെ പക്കൽ നിന്നുമാണ് ഈ ഭൂമി വാങ്ങിയതെന്നും വെളിപ്പെടുത്താമോ ;

(ജി) ഈ ഭൂമി വാങ്ങിയത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഏതെല്ലാം പരാതികളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഐ) ഇത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ജെ) ഇല്ലെങ്കിൽ അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റബ്കോ ഇപ്പോൾ പ്രാഥമിക സഹകരണ സംഘമായിട്ടാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രവർത്തന പരിധി സംസ്ഥാനം മുഴുവൻ.

(സി) ഉണ്ട്.

(ഡി) റബ്കോയ്ക്ക് ഇപ്പോൾ മൂന്ന് സ്ഥാപനങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. റബ്കോ ഹവായ് ചപ്പൽ ഫാക്ടറി, കൂത്തുപറമ്പ്, കണ്ണൂർ:- സംസ്കരണ തലത്തിൽ പ്രവർത്തിക്കുന്നു. അസംസ്കൃത റബ്ബർ സംസ്കരിച്ച് ഹവായ് ചപ്പൽ ഉണ്ടാക്കി വില്ക്കുന്നു.

2. ബ്ലോക്ക് റബ്ബർ നിർമ്മാണ യൂണിറ്റ്, ശ്രീകണ്ഠാപുരം, കണ്ണൂർ;- ഈ യൂണിറ്റിൽ അസംകൃത റബ്ബറിൽ നിന്നും ബ്ലോക്ക് റബ്ബർ, പി.എൻ.സി എന്നിവ നിർമ്മിക്കുന്നു.

3. റബ്ബർ തടി സംസ്കരണ ഫർണിച്ചർ നിർമ്മാണ യൂണിറ്റ്, തലശ്ശേരി;- റബ്ബർ തടി സംസ്ക്കരിച്ച് ഫർണീച്ചർ നിർമ്മിക്കുന്ന ഈ ഫാക്ടറി തലശ്ശേരിയിൽ സ്ഥാപിച്ചു വരുന്നു.

ഇവ കൂടാതെ താഴെപ്പറയുന്ന വ്യവസായ യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

1. സൈക്കിൾ ടയർ ആന്റ് ട്യൂബ് ഫാക്ടറി, കെ.എസ്.ഐ.ഡി.സി. വ്യവസായ വളർച്ചാ കേന്ദ്രം, കൂത്തുപറമ്പ്, കണ്ണൂർ

2. ട്രഡ് റബ്ബർ ഫാക്ടറി, കെ.എസ്.ഐ.ഡി.സി.വ്യവസായ വളർച്ച കേന്ദ്രം കൂത്തുപറമ്പ്, കണ്ണൂർ

3. റബ്ബറൈസ്ഡ് മെത്ത നിർമ്മാണ ഫാക്ടറി, പൂതക്കുഴി, പാമ്പാടി, കോട്ടയം ജില്ല.

(ഇ) റബ്ബറിൽ നിന്നും മെത്ത, കുഷ്യൻ, റബ്ബറൈസ്ഡ് കയർമാറ്റ് എന്നിവ ഉല്പാദിപ്പിക്കാനുദ്ദേശിച്ചു കൊണ്ടുള്ള യൂണിറ്റാണ് പൂതക്കുഴിയിൽ പ്രവർത്തനം ആരംഭിക്കാൻ പോകുന്നത്. 27.03 കോടി രൂപയാണ് ഇതിന്റെ പ്രോജക്ട് ചെലവ്. ഈ യൂണിറ്റിന് വേണ്ടിയുള്ള ധനസഹായത്തിനായി കോട്ടയം ജില്ലാ സഹകരണ ബാങ്കിനെ സമീപിച്ചിട്ടുണ്ട്.

(എഫ്) ഈ യൂണിറ്റിനു വേണ്ടി 10ഏക്കർ 68.645 സെന്റ് സ്ഥലം വാങ്ങി. സെന്റ് ഒന്നിന് അയ്യായിരം രൂപ വച്ച് മൊത്തം അമ്പത്തിമൂന്ന് ലക്ഷത്തി നാല്പത്തി മൂവായിരത്തി ഇരുനൂറ്റി ഇരുപത്തിയഞ്ച് രൂപ വില നൽകിയിട്ടുണ്ട്. കോട്ടയം താലൂക്കിൽ കോട്ടയം വില്ലേജിൽ പത്മവിഹാറിൽ ശ്രീമതി രാജമ്മയുടെ മകളായ ശ്രീമതി ജമുന.എ.മേനോന്റെ ഉടമസ്ഥതയിലുള്ള 8 ഏക്കർ 29.845 സെന്റ് സ്ഥലവും ഡോക്ടർ ആർ.വിമല നായരുടെ ഉടമസ്ഥതയിലുള്ള 2 ഏക്കർ 38.8 സെന്റ് സ്ഥലവും ഉൾപ്പെടെ ആകെ 10 ഏക്കർ 68.645 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്-ജെ) ഉദിക്കുന്നില്ല.

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 209,236, 262,263,280 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly